ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.08.2024** **TIME : 07.25 pm**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മൂന്ന് വന്ദേ ഭാരത് ട്രെയിനുകൾ വീഡിയോ കോൺഫറൻസിലൂടെ ഫ്ലാഗ് ഓഫ് ചെയ്യും.**

   **Prime Minister Narendra Modi to flag off three Vande Bharat trains tomorrow through video conference.**

2. **മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും കേന്ദ്രസർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്നും, മേഖലയിൽ സ്ത്രീപങ്കാളിത്തം വർധിപ്പിക്കുകയാണ് ലക്ഷ്യമെന്നും, പ്രധാനമന്ത്രി.**

   **The Prime Minister says, the Union government is giving first priority to the welfare and safety of fishermen and the aim is to increase the participation of women in the sector.**

3. **ജനാധിപത്യത്തിൻറെ നെടുംതൂണാണ് മാധ്യമങ്ങളെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്.**

   **Union Defense Minister Rajnath Singh stated that the media is one of the main pillars of democracy.**

4. **ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ വിവരങ്ങൾ അടങ്ങിയ പതിപ്പ് ലഭ്യമാക്കണമെന്ന് കേരള ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ട് ദേശീയ വനിതാ കമ്മീഷൻ.**

   **NCW asks Kerala Chief Secretary to submit unedited version of Hema Committee report.**

5. **പാരീസ് പാരാലിമ്പിക്സിൽ, ഒരു സ്വർണ്ണവും രണ്ടു വെങ്കലവുമുൾപ്പടെ ഇന്ത്യക്ക് ഇന്ന് മൂന്ന് മെഡലുകൾ.**

   **In Paris Paralympics, India bagged three medals today, including one gold and two bronze.**

*****************************************

## PM-JUDICIARY

സുപ്രീം കോടതിയുടെ 75 -ആം വാർഷികത്തിന്റെ സ്മരണാർത്ഥം തയ്യാറാക്കിയ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ പുറത്തിറക്കും. ജില്ലാ ജുഡീഷ്യറിയുടെ ദേശീയ സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. സുപ്രീംകോടതി സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ സമ്മേളനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, ജുഡീഷ്യൽ സുരക്ഷ, കേസുകൾ കൈകാര്യം ചെയ്യൽ, പരിശീലനം എന്നിവ ഉൾപ്പെടെ ചർച്ചയാകും. ചീഫ് ജസ്റ്റിസ്, കേന്ദ്ര നിയമ-നീതി മന്ത്രി, അറ്റോർണി ജനറൽ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുക്കും.

*****************************************

## HEADLINE – 1

## PM-VANDE BHARAT

മൂന്ന് വന്ദേ ഭാരത് ട്രെയിനുകൾ കൂടി പ്രധാനമന്ത്രി നാളെ വീഡിയോ കോൺഫറൻസിലൂടെ ഫ്ലാഗ് ഓഫ് ചെയ്യും. മീററ്റ് - ലക്നൗ, മധുര - ബെംഗളൂരു, ചെന്നൈ - നാഗർകോവിൽ എന്നീ മൂന്ന് പാതകളിലാണ് പുതിയ വന്ദേഭാരത് ട്രെയിനുകൾ സർവീസ് ആരംഭിക്കുന്നത്. ഉത്തർപ്രദേശ്, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾ തമ്മിൽ അതിവേഗത്തിലുള്ള മികച്ച യാത്രാ സൗകര്യം ഇതിലൂടെ സാധ്യമാകും.

*****************************************

## PM FINTECH

ഗ്രാമനഗര ഭേദമില്ലാതെ, രാജ്യത്ത് എല്ലായിടത്തും 24 മണിക്കൂറും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാനായത് ഫിൻടെക് രംഗത്തെ ഇന്ത്യയുടെ നേട്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ മുന്നോട്ട് വച്ച യു.പി.ഐ പണമിടപാട് സംവിധാനം അന്താരാഷ്ട്ര തലത്തിൽ മാതൃക സൃഷ്ടിച്ചതായും മുംബൈയിൽ ആഗോള ഫിൻടെക് ഫെസ്റ്റിനെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

*****************************************

## HEADLINE – 2

## PM - VADHVAN PORT (INTRO)

മഹാരാഷ്ട്രയിലെ പാൽഘർ ജില്ലയിൽ വധാവൻ തുറമുഖത്തിന്റെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവഹിച്ചു. വിവിധ മത്സ്യബന്ധന പദ്ധതികൾ ഉദ്ഘാടനം ചെയ്ത അദ്ദേഹം മത്സ്യത്തൊഴിലാളികൾക്കുള്ള ട്രാൻസ്പോണ്ടറുകളും കിസാൻ ക്രെഡിറ്റ് കാർഡുകളും വിതരണം ചെയ്തു. രാജ്യത്തിൻറെ തീരദേശങ്ങളിൽ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ അഭൂതപൂർവമായ വികസനമാണ് ഉണ്ടായതെന്ന് പ്രധാനമന്ത്രി

അഭിപ്രായപ്പെട്ടു. വധാവൻ തുറമുഖത്തിന്റെ നിർമാണത്തിന് തുടക്കമിടുന്ന ഈ ദിനം പുരോഗതിയിലേക്കുള്ള ഇന്ത്യയുടെ യാത്രയിൽ ഏറെ നിർണായകമാണ്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും കേന്ദ്രസർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നത്. മത്സ്യമേഖലയിൽ സ്ത്രീപങ്കാളിത്തം വർധിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(പിഎം വോയിസ് )**

ഏകദേശം 76,000 കോടി രൂപ ചെലവിലാണ് വധാവൻ തുറമുഖം നിർമിക്കുന്നത്. 1,560 കോടി രൂപയുടെ 218 ഫിഷറീസ് പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു. കൂടാതെ, 364 കോടി രൂപയുടെ ദേശീയ വെസൽ കമ്യൂണിക്കേഷൻ സംവിധാനത്തിനും അദ്ദേഹം തുടക്കം കുറിച്ചു.

*********************************************

## PM -ALAPPUZHA

കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ അടിസ്ഥാന സൗകര്യ വികസനവും കൂടുതൽ തൊഴിലവസരങ്ങളും ലക്ഷ്യമിട്ട് അഞ്ചു പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് ഓൺലൈൻ വഴി തുടക്കം കുറിച്ചു. ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം ഇതിൽ ഉൾപ്പെടുന്നു. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പുതിയാപ്പ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം, പൊന്നാനി ഹാർബർ നവീകരണം, കാസർഗോഡ് മത്സ്യബന്ധന തുറമുഖ വിപുലീകരണം എന്നിവയാണ് മറ്റ് പദ്ധതികൾ. കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിങ്ങ്, സർബാനന്ദ സോനോവാൾ, ജോർജ് കുര്യൻ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

*********************************************

## HEADLINE – 3

## RAJNATH SINGH

നിയമനിർമ്മാണ സഭ, നീതിന്യായ വ്യവസ്ഥ ഭരണനിർവ്വഹണം തുടങ്ങിയവ പോലെ തന്നെ ജനാധിപത്യത്തിന്റെ നെടുംതൂണാണ് മാധ്യമങ്ങളെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്. തിരുവനന്തപുരത്ത് സ്വകാര്യ മാധ്യമ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച വളർച്ച കൈവരിച്ച് മുന്നേറുകയാണെന്നും പ്രതിരോധ കയറ്റുമതി 2029-ഓടെ 50,000 കോടിയിൽ എത്തിക്കുകയാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്നും ശ്രീ രാജ്നാഥ് സിങ്ങ് പറഞ്ഞു. ചടങ്ങിൽ വയനാട് ഉരുൾപൊട്ടലിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച കേന്ദ്രമന്ത്രി വിവിധ സേനാ വിഭാഗങ്ങളുടെ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളെ പ്രശംസിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി തിരുവനന്തപുരത്ത് എത്തിയ ശ്രീ രാജ്നാഥ് സിങ്ങ്, ഗവർണർ ആരിഫ്

മുഹമ്മദ് ഖാനുമായി രാജ്ഭവനിൽ കൂടിക്കാഴ്ച നടത്തിയ ശേഷമാണ് ഡൽഹിയിലേക്ക് മടങ്ങിയത്.

****************************************

## HEADLINE – 4

### HEMA COMMITTEE - NCW

മലയാള സിനിമാ രംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ വിവരങ്ങൾ അടങ്ങിയ പതിപ്പ് ആവശ്യപ്പെട്ട് ദേശീയ വനിതാ കമ്മീഷൻ. റിപ്പോർട്ടിന്റെ പതിപ്പ് ഒരാഴ്ചക്കകം ലഭ്യമാക്കണമെന്നാണ് കേരള ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുള്ളത്. റിപ്പോർട്ട് പുറത്തു വന്നതിന്റെ പശ്ചാത്തലത്തിൽ വലിയ ആരോപണങ്ങളും പ്രതിഷേധങ്ങളും കേരളത്തിൽ തുടരുകയാണ്.

****************************************

### HC - WAYANADU

വയനാട്ടിൽ ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരെ എത്രയും വേഗം വീടുകളിലേക്ക് മാറ്റി താമസിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം. ക്യാമ്പിൽ നിന്ന് മാറാൻ വിസമ്മതിക്കുന്നവരുടെ കാരണങ്ങൾ പരിശോധിക്കണമെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു. വയനാട് ഉരുൾപൊട്ടലിൽ സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. കൂടുതൽ പരാതി പരിഹാര സെല്ലുകൾ ആരംഭിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

****************************************

### PM- BRUNEI - SINGAPORE

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണെ - സിംഗപ്പൂർ സന്ദർശനത്തിന് ചൊവ്വാഴ്ച തുടക്കമാകും. ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രൂണെയിൽ നടത്തുന്ന ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. ഇന്ത്യയും ബ്രൂണെയും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 40-ാം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. തുടർന്ന് ബുധനാഴ്ച പ്രധാനമന്ത്രി സിംഗപ്പൂരിലെത്തും.

****************************************

### MODI - PAKISTAN SCO

ഇസ്ലാമാബാദിൽ ഒക്ടോബറിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ യോഗത്തിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ പാകിസ്ഥാൻ ഔദ്യോഗികമായി ക്ഷണിച്ചു. എസ്.സി.ഒ രാഷ്ട്രത്തലവന്മാരുടെ യോഗത്തിലേക്ക് എല്ലാ അംഗരാജ്യങ്ങളിലെ നേതാക്കളേയും ക്ഷണിച്ചതായി പാകിസ്ഥാൻ വിദേശകാര്യ വക്താവ് മുംതാസ് സഹ്റ ബലോച്ച് പറഞ്ഞു. ഇസ്ലാമാബാദിൽ ഒക്ടോബർ 15, 16 തീയതികളിലാണ് യോഗം.

ഇന്ത്യ, ചൈന, പാകിസ്ഥാൻ, റഷ്യ തുടങ്ങിയ ഒൻപത് രാജ്യങ്ങളാണ് എസ്‌സിഒയിൽ ഉൾപ്പെടുന്നത്.

*************************************

## JAISHANKAR - PAK

പാക്കിസ്ഥാനുമായി നിരന്തരം സംഭാഷണം നടത്തിയിരുന്ന കാലം അവസാനിച്ചെന്ന് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. പാക്കിസ്ഥാനുമായുള്ള ഇടപെടൽ സംബന്ധിച്ച് ഇന്ത്യ നിഷ്ക്രിയമല്ലെന്നും സംഭവങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും തക്കതായ പ്രതികരണമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ പുസ്തക പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ബംഗ്ലാദേശിലെ രാഷ്ട്രീയ സാഹചര്യം മാറിയാലും അയൽരാജ്യമെന്ന നിലയിൽ പരസ്പര താല്പര്യമുള്ള വിഷയങ്ങളിലെ സഹകരണം അതാതു സർക്കാരുകളുമായി തുടരുമെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

*************************************

## INDIA-CHINA

അതിർത്തി പ്രദേശങ്ങളിൽ സമാധാനം നിലനിർത്താൻ ഇന്ത്യ- ചൈന ധാരണ. അതിർത്തികാര്യങ്ങൾ സംബന്ധിച്ച ഏകോപന കർമ സമിതിയുടെ 31-ാമത് യോഗത്തിലാണ് ഇത് സംബന്ധിച്ച ധാരണയായത്. വിദേശകാര്യ മന്ത്രാലയ ജോയിന്റ് സെക്രട്ടറി ഗൗരംഗലാൽ ദാസാണ് ഇന്ത്യൻ സംഘത്തെ നയിച്ചത്. നയതന്ത്ര-സൈനിക മേഖലകളിൽ ബന്ധം ശക്തമാക്കാനും ബീജിങ്ങിൽ നടന്ന യോഗത്തിൽ ഇരു രാജ്യങ്ങളും ധാരണയായി.

*************************************

## HEADLINE – 5

## REV EVE PARALYMPICS

പാരീസ് പാരാലിമ്പിക്സിൽ, വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യയുടെ അവനി ലേഖരക്ക് റെക്കോർഡോടെ സ്വർണം. ഇതേ ഇനത്തിൽ മോനാ അഗർവാൾ വെങ്കലവും നേടി. പെൺകുട്ടികളുടെ നൂറുമീറ്റർ ഓട്ടമത്സരത്തിൽ പ്രീതി പാൽ വെങ്കല മെഡൽ കരസ്ഥമാക്കി. പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഫൈനലിൽ മനീഷ് നർവാൾ മത്സരിക്കും. ബാഡ്മിന്റൺ സിംഗിൾസിൽ SL4 വിഭാഗത്തിൽ സുഹാസ് യതിരാജും SL3 വിഭാഗത്തിൽ നിതേഷ് കുമാറും സെമിയിലെത്തി. മെഡൽ നേടിയ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.

*************************************

## FOOTBALL - DURAND CUP

കൊൽക്കത്തയിൽ നടക്കുന്ന ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ഫൈനലിൽ നാളെ മോഹൻ ബഗാനും നോർത്ത് ഈസ്റ്റ് യുണൈറ്റഡും

ഏറ്റുമുട്ടും. നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാൻ, 17 തവണ ഡ്യൂറൻഡ് കപ്പ് കിരീടം നേടിയിട്ടുണ്ട്. നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ആദ്യമായാണ് ഡ്യൂറൻഡ് കപ്പ് ഫൈനലിൽ എത്തുന്നത്.

****************************************

## CHAMPAI SOREN BJP

ഇന്ന് റാഞ്ചിയിൽ നടന്ന ചടങ്ങിൽ, ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രി ചമ്പയ് സോറൻ ബിജെപിയിൽ ചേർന്നു. ബംഗ്ലാദേശിൽ നിന്നുള്ള വ്യാപക നുഴഞ്ഞുകയറ്റം കാരണം സംസ്ഥാനത്തെ സന്താൽ പർഗാന മേഖലയിൽ ഭീഷണി നേരിടുന്ന ഗോത്രവർഗക്കാരുടെ നിലനിൽപ്പ് സംരക്ഷിക്കാനാണ് താൻ ബിജെപിയിൽ ചേരുന്നതെന്ന് ചമ്പായി സോറൻ നേരത്തേ വ്യക്തമാക്കിയിരുന്നു.

****************************************

## RAIN

കേരളത്തിൽ ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. പത്തു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റു നാലു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. മണ്ണിടിച്ചിലിനും വെള്ളപ്പൊക്കത്തിനും സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************************

*********************